**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Seeram Sambasiva Rao IAS)**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം - മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് ശ്രീ.ചന്ദ്രബാബു.വി-യെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ . LSGD/PD/24112/2024-GEA3 തീയതി:18-12-2024**

പരാമർശം:

1) തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ജില്ലാ ജോയിൻറ് ഡയറക്ടറുടെ 14.06.2024-ലെ LSGD/JD/KLM/4404/2024-A3 നമ്പർ കത്ത്.
2) കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.10.2018 തീയതിയിലെ ഇ2.4486/14 നമ്പർ ഉത്തരവ്.
3) പഞ്ചായത്ത് ഡയറക്ടറുടെ 17.01.2020 ലെ PAN/20015/2018/E6(DP) നമ്പർ ഉത്തരവ്.
4) തസ്വഭവ കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 12.09.2024 തീയതിയിലെ LSGD/JD/KLM/4404/2024-A3 നമ്പർ ഉത്തരവ്.
5) 21.10.2024 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.
6) തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 07.09.2024 -ലെ LSGD/PD/10248/2024-GEA3 നമ്പർ ഉത്തരവ്.

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിൽ ബൈട്രാൻസ്ഫർ നിയമനം മുഖേന കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ 25.10.2018-ൽ നിയമനം ലഭിച്ച ശ്രീ.ചന്ദ്രബാബു വി. (നിലവിൽ കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിലെ ക്ലർക്ക്) -യുടെ പേര് ഒരു സീനിയോറിറ്റി പട്ടികയിലും ഉൾപ്പെട്ടിട്ടില്ല. പരാമർശം (4) പ്രകാരം ശ്രീ.ചന്ദ്രബാബു.വി-യെ ക്ലർക്കുമാരുടെ ജില്ലാതല സീനിയോരിറ്റി പട്ടികയിൽ ക്രമ നം. 196 B ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ.ചന്ദ്രബാബു.വി-യ്ക്ക് ക്ലർക്ക് തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിച്ച പരാമർശം (2) ഉത്തരവിൽ ഉൾപ്പെട്ട ശ്രീ.സരോജാക്ഷൻപിള്ളയെ ക്ലർക്കുമാരുടെ സംസ്ഥാന തല സീനിയോരിറ്റി പട്ടികയിൽ ക്രമ നം.2683A ആയി ഉൾപ്പെടുത്തി പരാമർശം (6) പ്രകാരം ക്രമീകരിച്ചിരിരുന്നു. ജില്ലാതല സീനിയോരിറ്റി പട്ടികയിലെ സ്ഥാനക്രമത്തിന് അനുസൃതമായി ശ്രീ.ചന്ദ്രബാബു.വി-യെ ടിയാളുടെ ക്ലർക്ക് തസ്തികയിലെ സ്ഥാനകയറ്റ ഉത്തരവ് തീയതി (25.10.2018) അടിസ്ഥാനമാക്കി പരാമർശം (3) പ്രകാരമുള്ള ക്ലർക്കുമാരുടെ സംസ്ഥാനതല സീനിയോരിറ്റി പട്ടികയിൽ 2683 B ആയി താൽക്കാലികമായി ഉൾപ്പെടുത്തി പരാമർശം (5) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചതിൽ ആക്ഷേപങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ.ചന്ദ്രബാബു.വി-യെ പരാമർശം (3) പ്രകാരമുള്ള പഞ്ചായത്ത് വകുപ്പിലെ 01.01.2014 മുതൽ 31.12.2018 വരെയുള്ള ക്ലർക്കുമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ

**ക്രമ നം. 2683 B** ആയി ഉൾപ്പെടുത്തി സീനിയോരിറ്റി പട്ടിക പുന:ക്രമീകരിച്ചും അപ്രകാരം ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർമാർക്കും
2. ശ്രീ. ചന്ദ്രബാബു.വി. ( കൊല്ലം ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന)
3. DEC സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി